മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 21.10.2021

നമ്പർ. എസ് 1/28157/21/ഡി.ടി.ഇ

**സർക്കുലർ**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - എം.സി.എം.സ്കോളർഷിപ്പ് - മാർഗ്ഗനിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയവുമായി വകുപ്പ് ഡയറക്ടർ 27.09.2021- ന് നടത്തിയ മീറ്റിംഗ്.

എം. സി.എം.സ്കോളർഷിപ്പിൻറെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്കു കൂടുതൽ നിർദ്ദേശങ്ങൾ നൽകാൻ സൂചന പ്രകാരം കേന്ദ്ര ന്യൂനപക്ഷമന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ എല്ലാ സ്ഥാപനങ്ങളും കൃത്യമായി പാലിക്കണമെന്ന് അറിയിക്കുന്നു.

1. അപേക്ഷാ സമയത്ത് വിദ്യാർഥികൾ ഹാജരാക്കുന്ന വരുമാന സർട്ടിഫിക്കറ്റ്, സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാർ സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്.

2.വ്യാജ അപേക്ഷകൾ forward ചെയ്യുന്ന സ്ഥാപനങ്ങളെ സ്കോളർഷിപ്പ് അനുവദിക്കുന്നതിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനാൽ എല്ലാ സ്ഥാപനങ്ങളും സൂക്ഷ്മപരിശോധനക്കുശേഷം മാത്രം അപേക്ഷകൾ forward ചെയ്യേണ്ടതാണ്.

3.സ്ഥാപനങ്ങൾ KYC അപ്ഡേറ്റ് ചെയ്യുന്നതിനുമുമ്പായി Demo App download ചെയ്ത് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

4.AISHE - യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ കോഡ് ഉപയോഗിച്ച് വിവരങ്ങൾ പരിശോധിക്കേണ്ടതാണ്.

5.Validate അല്ലാത്ത ബാങ്ക് അക്കൌണ്ട് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് 15 ദിവസം മാത്രം അനുവദിക്കുന്നതിനാൽ ബന്ധപ്പെട്ടവർ ആയത് പരിശോധിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. അതിൽ വീഴ്ച വരുത്തിയാൽ സ്കോളർഷിപ്പ് ലഭിക്കാൻ തടസ്സം നേരിടുന്നതാണ്. അതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് വിദ്യാർഥികളും നോഡൽ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.

6.PFMS സ്റ്റാറ്റസിൽ Account blocked/ frozen എന്നു കാണുക, സ്കോളർഷിപ്പ് തുക അക്കൌണ്ടിൽ ക്രെഡിറ്റ് ആകാതിരിക്കുക എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ബാങ്കുമായി ബന്ധപ്പെടുക.

Dr. Byjubai T.P
ഡയറക്ടർ (ഇൻ ചാർജ്)

Draft #1 of File S1/28157/21/DTE Approved by Director (in-charge) on 21-Oct-2021 02:35 PM - Page 1